# പതിമൂന്നാം കേരളനിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1583 — 13.07.2011-ൽ മറുപടിക്ക്.

### ചാത്തന്നൂർ മണ്ഡലത്തിലെ റോഡ് പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെചിറക്കര,പൂതക്കുളം എന്നീ ഗ്രാമപഞ്ചായത്തുകളിൽ റോഡ് പുനരുദ്ധാരണത്തിലേയ്ക്കായി ടെൻഡർ നൽകിയ എത്ര റോഡുകളാണ് നില വിലുള്ളതെന്നും, ഇവയിൽ കരാർ പ്രകാരം ജോലി പൂർത്തീകരിക്കേണ്ടുന്ന കാലാവധി അവസാനിച്ച എത്ര റോഡുകൾ ഉണ്ടെന്നും, പ്രസ്തുത റോഡുകളുടെ പേരും തുകയും ഉൾപ്പെടെ അറിയിക്കുമോ; | (എ) ചിറക്കര ഗ്രാമപഞ്ചായത്തിൽ 2010-11 വർഷത്തെ റോഡ് പുനരുദ്ധാരണത്തിനായി ടെണ്ടർ നൽകിയ 26 പ്രവർത്തികളിൽ 16 പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂതക്കുളം ഗ്രാമപഞ്ചായത്തിൽ 2010-11ൽ പുനരുദ്ധാരണത്തിനായി ടെണ്ടർ നല്കിയ 27 റോഡ് പ്രവർത്തികളിൽ 14 പ്രവർത്തികൾ പൂർത്തീകരിച്ചവയാണ്. കരാർ പ്രകാരം ജോലി പൂർത്തീകരിക്കേണ്ടുന്ന കാലാവധി അവസാനിച്ച റോഡുകളുടെ പേരും തുകയും അനുബന്ധമായി കൊടുക്കുന്നു. |
| (ബി) കരാർകാലാവധി അവസാനിച്ചിട്ട് ഉദ്യോഗസ്ഥതലത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും,ആയത് സമയബന്ധിതമായിട്ടാണോ ചെയ്തതെന്നും വ്യക്തമാക്കുമോ; | (ബി) കോൺട്രാക്ടർമാർ പണികൾ പൂർത്തീകരിക്കാതെ വന്ന സാഹചര്യങ്ങളിൽ കരാർ തീയതി അവസാനിച്ചിട്ടും റിസ്ക്ക് ആൻറ് കോസ്റ്റിൽ കരാർ അവസാനിപ്പിച്ച് പ്രവൃത്തി പുനക്രമീകരിച്ച് വേറൊരു കോൺട്രാക്ടറെകൊണ്ട്ചെയ്യിക്കുകയാണെ |

| | | | |
|---|---|---|---|
| | | | ങ്കിൽ നടപടി ക്രമങ്ങൾ മുഖാന്തിരം പണികൾ പൂർത്തീകരിക്കാൻ വളരെ താമസവും അധിക ചിലവും വരുമെന്നുള്ളതിനാൽ ഇപ്പോൾ നിലവിലുള്ള കോൺട്രാക്ടർമാരെ കൊണ്ട് തന്നെ പണികൾ പൂർത്തീകരിക്കുന്നതിലേയ്ക്കായി സമയബന്ധിതമായി നോട്ടീസുകൾ അയച്ചിട്ടുള്ളതും നിലവിലുള്ള കോൺട്രാക്ടർമാരെകൊണ്ട് വർക്കുകൾ പൂർത്തീകരിക്കുന്നതിനായി പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നതുമാണ്. |
| (സി) | കരാർകാലാവധി അവസാനിച്ച് കഴിഞ്ഞശേഷവും നിയമവിധേയ നടപടികൾ സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ മേൽനടപടി സ്വീകരിക്കുമോ; | (സി) | അങ്ങനെ ഒരു സാഹചര്യം ഇതുവരെ ഇരു പഞ്ചായത്തുകളിലും വന്നിട്ടില്ല. |
| (ഡി) | പ്രസ്തുത പ്രവർത്തികൾക്ക് പാർട്ട്ബിൽ നൽകിയിട്ടുണ്ടെങ്കിൽ ആയത് നിയമവിധേയമായിട്ടാണോ നൽകിയിട്ടുള്ളതെന്ന് പരിശോധിക്കുമോ? | (ഡി) | എല്ലാ പാർട്ട് ബില്ലുകളും നിയമവിധേയമായിട്ട് മാത്രമേ നല്കിയിട്ടുള്ളൂ. |

സെക്ഷൻ ആഫീസർ.